# കേരള ജല അതോറിറ്റി

ഇമെയിൽ:phcircle.kochi@gmail.com
ഫോൺ:0484 2360645

സൂപ്രണ്ടിംങ് എൻജിനീയറുടെ കാര്യാലയം
പബ്ലിക് ഹെൽത്ത് സർക്കിൾ, കൊച്ചി, കേരളം- 682011

Draft #9 of File PHC/CHN/JJM/16022/2020 Approved by Superintending Engineer on 16-Jun-2022 04:21 PM - Page 1

'ജലം ജീവാമൃതം'

## ഹാജർ ശ്രീ. വി.കെ.പ്രദീപ് (പൂർണ്ണ അധിക ചുമതല)
## പബ്ലിക് ഹെൽത്ത് സർക്കിൾ, കൊച്ചി സൂപ്രണ്ടിങ് എൻജിനീയറുടെ
## നടപടിക്രമം

*വിഷയം:*-JJM- Ernakulam District- Providing functional house hold tap connection (FHTC) in Chittattukara Panchayath and allied works - ലക്ഷ്യ പ്രാപ്തിക്കു മുമ്പേ കരാർ റദ്ദ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

---

നമ്പർ: PHC/CHN/JJM/16022/2020 തീയതി, Ernakulam, 16.06.2022

---

*സൂചന:*-1. ഭരണാനുമതി നമ്പർ.ജി.ഓ (ആർ.ടി) നമ്പർ 541/2020/ഡബ്ള്യൂ .ആർ.ഡി തീയതി 21.08.2020 ഭരണാനുമതി തുക 4343.89 കോടി രൂപ ( ഈ പ്രവൃത്തിക്കു വേണ്ടിയുള്ള തുക 225 ലക്ഷം രൂപ)

2 . ഈ കാര്യാലയത്തിലെ സാങ്കേതികാനുമതി നമ്പർ. ടി.എസ് /2020 -2021/2020/ 16022 തീയതി 27.08.2020 (രജി.നമ്പർ.6562 / 2020 -2021 തുക 180 ലക്ഷം രൂപ).

3. ഈ കാര്യാലയത്തിലെ ഇ -ടെണ്ടർ നമ്പർ. 18 / 2020 -21 /എസ് .ഇ /പി.എച്ച്.സി/ സി.എച്ച്.എൻ സമർപ്പണ തീയതി 11.09.2020 ദർഘാസ് തുക- 1,60,27,882.57 /- രൂപ

4. 23 .09 .2020 ലെ ഈ കാര്യാലയത്തിൽ നിന്നും ശ്രീ. കെ.എം.വേണു,കളത്തിൽ ഹൗസ് പാറാവൂത്തറ, മന്നം പി.ഓ, നോർത്ത് പറവൂരിനു നൽകിയ നൽകിയ ഇതേ നമ്പർ വർക്ക് ഓർഡർ.

6 . ഈ കാര്യാലയത്തിലെ കരാർ ഉടമ്പടി നമ്പർ 03 / 2020 -21 / എസ്ഇ / പി എച്ച് / സി എച്ച് ൻ തീയതി 12. 10 .2020

7 . 21.05.2021,03.10.2021,08.12.2021,18.01.2021,28.05.2021എന്നീ തീയതികളിൽ ഈ കാര്യാലയത്തിൽ നിന്നും നൽകിയ ഇതേ നമ്പർ ഉത്തരവ്

8.28.04.2022 തീയതിയിലെ കരാറുകാരന്റെ കത്ത്

9.27.05. 2022 ലെ ആലുവ ,എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് നമ്പർ എ1 - ജെ - 16022 / 2020

10. 28.05 .2022 ലെ ഈ കാര്യാലയത്തിലെ യോഗ നടപടി കുറിപ്പ്.

**ഉത്തരവ്**

വായന (1) പ്രകാരം ഭരണാനുമതിലഭിച്ച ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റാറ്റുകര പഞ്ചായത്തിലേക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി 225ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും വായന (2) പ്രകാരം 180 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതിയും നൽകിയതനുസരിച്ച് മേൽ പ്രവൃത്തിക്ക് വായന (3) പ്രകാരം ദർഘാസ് തുക 1,60,27,882.57/-രൂപ കണക്കാക്കി ഈ കാര്യാലയത്തിൽ നിന്നും ക്ഷണിച്ച ദർഘാസിനു പ്രതികരണമായി ലഭിച്ച ദർഘാസ് സൂചന (4) പ്രകാരം അംഗീകാരം നൽകുകയും സൂചന (5) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും ശ്രീ. കെ.എം.വേണു,കളത്തിൽ ഹൗസ് പാറാവൂത്തറ മാന്നാനം പി.ഓ, നോർത്ത് പറവൂരിനു വർക്ക് ഓർഡർ നൽകുകയും, സൂചന (6) പ്രകാരം പ്രസ്തുത കരാറുകാരൻ കരാർ ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്.കൂടാതെ പ്രസ്തുത പ്രവൃത്തി കരാർ ഉടമ്പടിപ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ സൂചന(7), പ്രകാരം 30.06.2021,30.09.2021,30.11.2021,31.01.2022,31.03.2022 എന്നീ തീയതികളിൽ വരെ പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നല്കിയിട്ടുള്ളതുമാണ്.

സൂചന(8)പ്രകാരം പുതിയ കണക്ഷനുകൾ നൽകുവാൻ വിതരണശൃംഘല ഇല്ലാത്തതിനാലും കൂടാതെ കണക്ഷൻ നൽകുവാനുള്ള കൺസന്റ് കിട്ടാത്തതുകൊണ്ടും ഈ പ്രവൃത്തി അവസാനിപ്പിച്ച് ഫൈനൽ ബിൽ അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച കരാറുകാരൻ കത്ത് നൽകുകയും ചെയ്തിരുന്നു .

സൂചന (9) പ്രകാരമുള്ള എക്സിക്യൂട്ടീവ് എൻജിനീയറുടെ കത്തിൽ പ്രസ്തുത പ്രവൃത്തിയിൽ 1574 എണ്ണം കുടിവെള്ള കണക്ഷൻ നല്കാനും 1500 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമാണ് ഉൾപ്പെടുത്തിയിരുന്നതെന്നും ഇതിൽ 1447 ഗാർഹിക കണക്ഷൻ നൽകിയെന്നും 1500 മീറ്റർ പൈപ്പ് ലൈൻ ദിർഘിപ്പിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചെന്നും ബാക്കി വരുന്ന 127 കണക്ഷനുകൾക്കൊടുക്കുവാൻ സാധിക്കാതിരുന്നത് ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ ഇല്ലാത്തതുകൊണ്ടും സ്വകാര്യ വ്യക്തികളുടെ സ്ഥലത്തിലൂടെ കണക്ഷൻ നൽകുവാനുള്ള കൺസന്റ് പ്രശ്നങ്ങൾ മൂലമാണെന്നും കൂടാതെ കരാർ പ്രകാരം ബാക്കിയുള്ള കണക്ഷനുകൾ പൂർത്തീകരിക്കണമെങ്കിൽ ഏകദേശം 1600 മീറ്റർ അധികമായി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ടെന്നും ഇതിനായി ഡെപ്പോസിറ്റ് വർക്കിൽപ്പെടുത്തി ആലുവ പറവൂർ റോഡിൽ മന്നം പെരുവ റോഡ് തുടങ്ങുന്നിടത്തും എസ്.എം.എൽ ഷോറൂമിന് അടുത്തും റോഡ് കുറുകെ മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കാൻ റോ പോർട്ടലിൽ അനുമതിക്കായി അപേക്ഷിച്ചിരുന്നെങ്കിലും പി.ഡബ്ല്യൂ.ഡി യിൽ നിന്ന് അനുമതി നാളിതുവരെ ലഭിച്ചില്ലെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

പിവിസി പൈപ്പിന്റെ വില ഗണ്യമായി വർദ്ധിച്ചതിൽ പൈപ്പ് വാങ്ങി സ്ഥാപിച്ച് ബാക്കിയുള്ള കണക്ഷനുകൾ നൽകുവാനും കരാർ കാലാവധി ദീർഘിപ്പിക്കുവാനും കരാറുകാരൻ

Draft #9 of File PHC/CHN/JJM/16022/2020 Approved by Superintending Engineer on 16-Jun-2022 04:21 PM - Page 2

വിസമ്മതമറിച്ചിട്ടുള്ളതിനാലും മേൽ കാര്യങ്ങൾ കണക്കിലെടുത്ത് പ്രവൃത്തിയുടെ കരാർ പ്രീ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ബാക്കി വരുന്ന ഭരണാനുമതി തുക ഉപയോഗിച്ച് ബാക്കിയുള്ള കണക്ഷനുകൾ നൽകാനുള്ള ഏകദേശം 1600 മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിനും ബാക്കി കണക്ഷനുകൾ നൽകുന്നതിനും ഉള്ള എസ്റ്റിമേറ്റ് തയാറാക്കി പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിനു അനുമതി നൽകണമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടു.

എക്സിക്യൂട്ടീവ് എൻജിനീയറുടെ റിപ്പോർട്ടും, കരാറുകാരന്റെ അഭ്യർത്ഥനയും മാനിച്ചു ഈ കാര്യാലയത്തിൽ സൂചന (10) പ്രകാരം മീറ്റിങ് കൂടുകയും കാരാറുകാരനും,എക്സിക്യൂട്ടീവ് എഞ്ചിനീയറും സൂചിപ്പിച്ച പ്രവൃത്തി പൂർത്തീകരണത്തിന് വിഘാതമായി നിൽക്കുന്ന പ്രയോഗിക ബുദ്ധിമുട്ടുകൾ നിലവിലുള്ളതാണെന്നും, ആയതിനാൽ ലക്ഷ്യ പ്രാപ്തിക്കു മുൻപായി പ്രവൃത്തി അവസാനിപ്പിക്കുവാനും കൂടാതെ ബാക്കിയുള്ള കുടിവെള്ള കണക്ഷനുകളും ടി കണക്ഷനുകൾ നൽകാനായിട്ടുള്ള പൈപ്പുലൈൻ ശൃംഖലകൾ സ്ഥാപിക്കുന്നതുൾപ്പടെയുള്ള ഇനങ്ങൾ ചേർത്ത് ഭരണാനുമതി ലഭിച്ച തുകയിൽ കവിയാത്ത രീതിയിൽ എസ്റ്റിമേറ്റ് തയാറാക്കി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിയ്ക്കുവാനും തീരുമാനമായി.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും സൂചന (10) പ്രകാരമുള്ള മീറ്റിംഗിലെ തീരുമാനപ്രകാരവും ലക്ഷ്യ പ്രാപ്തിക്കു മുൻപായി പ്രവൃത്തി അവസാനിപ്പിക്കുവാൻ ഉത്തരവാകുന്നു. കൂടാതെ കരാറുകാരൻ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബാക്കിയുള്ള കുടിവെള്ള കണക്ഷനുകളും ടി കണക്ഷനുകൾ നൽകാനായിട്ടുള്ള പൈപ്പുലൈൻ ശൃംഖലകൾ സ്ഥാപിക്കുന്നതുൾപ്പടെയുള്ള ഇനങ്ങൾ ചേർത്ത് പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ച തുകയിൽ കവിയാത്ത രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പി.എച്ച്.ഡിവിഷൻ, ആലുവ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

സൂപ്രണ്ടിങ്ങ് എഞ്ചിനീയർ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കേരള ജല അതോറിറ്റി,
പി.എച്ച്.ഡിവിഷൻ, ആലുവ.

ഉത്തരവിന്റെ പകർപ്പ്

1 .ശ്രീ. കെ.എം.വേണു,കളത്തിൽ ഹൗസ് പാറാവുത്തറ, മന്നം പി.ഓ, നോർത്ത് പറവൂർ

2 . അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. സബ് ഡിവിഷൻ, വടക്കേക്കര -അറിവിലേക്കും, തുടർന ടപടികൾക്കുമായി .

Draft #9 of File PHC/CHN/JJM/1602/2020 Approved by Superintending Engineer on 16-Jun-2022 04:21 PM - Page 3